# സാഹിബ് സാദ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിനെക്കുറിച്ചുള്ള അനുസ്മരണം

ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബിന്റെ കഠിനമായ രോഗത്തെക്കുറിച്ചറിഞ്ഞിട്ട് കഴിഞ്ഞ ജുമുഅദിവസം ഞാൻ ദുആ ചെയ്യാൻ പറഞ്ഞിരുന്നു. അതിനുശേഷം ആത്മാർത്ഥരായ പലയാളുകളുടേയും കത്തും എനിക്ക് വന്നിരുന്നു. വളരെ വേദനയോടുകൂടി ജനങ്ങൾ ദുആ ചെയ്തു. പക്ഷേ, അല്ലാഹുവിന്റെ വിധി അതിജയിക്കുയാണുണ്ടായത്. രണ്ട് ദിവസത്തിനുശേഷം അദ്ദേഹം തന്റെ യഥാർത്ഥ യജമാനന്റെ തിരുസന്നിധിയിൽ ഹാജരായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ സേവനങ്ങളും ത്യാഗങ്ങളും സവിശേഷഗുണങ്ങളും മുന്നിൽവെച്ചുകൊണ്ട് അദ്ദേഹത്തിനായി ചെയ്യപ്പെട്ട പ്രാർത്ഥനകൾ തീർച്ചയായും പരലോകത്ത്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ അദ്ദേഹത്തിന്റെ പദവികളുടെ ഉയർച്ചയ്ക്ക് കാരണമാകും. ഇൻശാഅല്ലാഹ്.

നിസ്വാർത്ഥമായി ത്യാഗം ചെയ്യുകയും എപ്പോഴും അർപ്പണചൈതന്യത്തോടെ പ്രവൃത്തിക്കുകയും, ദരിദ്രരെ സഹായിക്കുകയും അവർക്ക് പ്രയോജനപ്പെടുകയും ജമാഅത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കുകയും ഖിലാഫത്തിൽ അനുരക്തനായിത്തീരുകയും ചെയ്ത അദ്ദേഹത്തോട് അല്ലാഹു സന്തോഷത്തോടെ പെരുമാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇൻശാഅല്ലാഹ്.

തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത്, അഅ്ലാ ഇല്ലിയ്യീനിൽ അദ്ദേഹത്തിന് അല്ലാഹു ഇടം നല്കുന്നതാണ്. ഇപ്പോഴും അനുശോചനമറിയിച്ചുകൊണ്ട് നിരവധി കത്തുകൾ വരുന്നുണ്ട്. ചിലർ നേരിൽ വന്നും ദുഃഖത്തിൽ പങ്കുചേരുന്നു. അല്ലാഹു എല്ലാവർക്കും അതിന് നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈ ലോകത്ത് വന്നവരെല്ലാം ഇവിടെനിന്ന് തിരിച്ചുപോകേണ്ടവരുമാണ്. ഇത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ഇത് ലോകാരംഭം മുതൽ നടന്നുവരുന്നതാണ്. ലോകം നിലനില്ക്കുവോളം ഇതുപോലെ നടന്നുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ, തന്റെ ജീവിതം അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിനും, അവന്റെ ദീനിനു സേവനം ചെയ്യുന്നതിനുംവേണ്ടി കഴിച്ചുകൂട്ടുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളെ ഓർത്ത് വിഷമിക്കുന്നവരും, അവർക്കുവേണ്ടി കർമ്മത്തിലൂടെ മാതൃക കാണിക്കുന്നവരും സൗഭാഗ്യവാന്മാരാണ്. ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബും തീർച്ചയായും അത്തരക്കാരിൽ ഒരാളായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തെ തുടർന്ന് ഞാൻ പറഞ്ഞതുപോലെ, അനുശോചനം പ്രകടിപ്പിച്ചുകൊണ്ട് കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ദാറുൽമസീഹ് ഖാദിയാനിലുണ്ടായിരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്താനപരമ്പരയുടെ ഒരടയാളം ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നും കത്തുകളിൽ എഴുതിക്കാണുന്നു. ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ്, ഖാദിയാനിലെ അഹ്മദികളുമായി പ്രത്യേകിച്ചും, ഇന്ത്യയിലെ അഹ്മദികളുമായി പൊതുവെയും അവർക്ക് തൃപ്തിപ്പെടുംവിധമുള്ള ബന്ധം സ്ഥാപിച്ചിരുന്നു എന്ന കാര്യം ശരിതന്നെയാണ്. അവിടന്ന് പറയുന്ന കാര്യങ്ങളെ ഗൗരവമായി അവർ കണ്ടിരുന്നു.

പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള കുഴപ്പങ്ങൾ കാരണം ഒരു ദീർഘകാലം ഖലീഫയുണ്ടായിരുന്ന സ്ഥലവുമായി നേരിട്ട് ഖാദിയാന് ബന്ധമുണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ വാർത്താവിനിമയ ബന്ധങ്ങളും ഇല്ലാതിരുന്ന കാലവും ഉണ്ടായിട്ടുണ്ട്. ഉണ്ടായിരുന്നതുതന്നെ പലപ്പോഴും വിച്ഛേദിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, ദർവേശുമാർ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സ്നേഹത്തിന്റേയും കൂറിന്റേയും മാതൃക അസാധാരണമായ നിലയിലാണ് കാഴ്ചവച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനും, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ മകനും തങ്ങളുടെ ഇടയിലുണ്ടെന്നത് അവർക്ക് സമാധാനം നല്കിയിരുന്നു. ഈ മകനും ഖിലാഫത്തിനോടുള്ള സ്നേഹവും വ്യവസ്ഥിതിയോടുള്ള അനുസരണവും അമീറിനെ അനുസരിച്ചുകൊണ്ടുള്ള മാതൃകയും തന്റെ പ്രവർത്തനത്തിലൂടെ കാണിച്ചുകൊണ്ട് എപ്പോഴും, ജമാഅത്തും ഖിലാഫത്തുമാണ് സർവ്വവും എന്ന ബോധം ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിത്തീർത്തു. അതുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന

വരായിത്തീരുമെന്ന് അവരെ ഉപദേശിച്ചു.

ഏകദേശം 30 വർഷം അവിടന്ന് ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ ഇമാറത്തുകാലത്ത് അങ്ങേയറ്റം വിനയത്തോടും ആത്മാർത്ഥതയോടുംകൂടി ഒരു സാധാരണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്നിലർപ്പിതമായ ജോലി നിർവ്വഹിച്ചു. പിന്നീട് 1977-ൽ ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അദ്ദേഹത്തെ നാസിർ അഅ്‌ലായും അമീർ മഖാമി ഖാദിയാനുമായി നിയമിച്ചു. ഈ സുപ്രധാന ചുമതലയും വളരെ നല്ലവണ്ണം അദ്ദേഹം നിറവേറ്റി. ദർവേശായിക്കൊണ്ട് ഖാദിയാനിൽ പോവുകയും ദർവേശിന്റെ നിലയിൽതന്നെ ജീവിക്കുകയും ചെയ്തു. താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനാണെന്ന് കരുതിയില്ല. വാസ്തവത്തിൽ വിവാഹത്തിനായി പാക്കിസ്ഥാനിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു പ്രാവശ്യം അദ്ദേഹത്തോട് പറഞ്ഞു: (വിവാഹം കഴിഞ്ഞിട്ട് അല്പദിവസമേ ആയിരുന്നുള്ളൂ. അദ്ദേഹം തന്റെ ഭാര്യയെ ഖാദിയാനിലേക്ക് കൊണ്ടുപോകാനുള്ള പേപ്പറുകളും മറ്റും ശരിയാക്കുന്ന തിരക്കിലായിരുന്നു. അക്കാലത്ത് ഇരുരാജ്യത്തിന്റേയും സ്ഥിതി പെട്ടെന്ന് മോശമാകാറുണ്ടായിരുന്നു. ദീർഘകാലം അത് തുടർന്നിരുന്നു. അല്പം സമാധാനമായിട്ട് കുറച്ചുകാലമേയായിട്ടുള്ളൂ. അങ്ങനെ അന്തരീക്ഷം വഷളായിരുന്ന ഒരു സന്ദർഭത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മിയാ സാഹിബിനോട് പറഞ്ഞു.) സ്വന്തം മകനോട് പറഞ്ഞു, "ഭാര്യയും, പേപ്പറുകളുമെല്ലാം ശരിയായിക്കൊള്ളും, അതിനെക്കുറിച്ച് നീ ചിന്തിക്കേണ്ട. എത്രയും വേഗം തിരിച്ചുപോകുക. നീ പോകുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെയാരും ഖാദിയാനിൽ ഉണ്ടാകുകയില്ല. അതുകൊണ്ട് എത്രയും വേഗം ടിക്കറ്റ് ബുക്ക് ചെയ്യുക." (അവിടന്ന് റോഡ് മുഖേനയല്ല പാക്കിസ്ഥാനിൽ വന്നത്. വിമാനത്തിലായിരുന്നു. അപ്പോൾ അവസ്ഥ അങ്ങനെയായിരുന്നു.) വിമാന ടിക്കറ്റ് ലഭിച്ചില്ലെങ്കിൽതന്നെ ചാർട്ടർ വിമാനത്തിൽ പോകേണ്ടിവന്നാൽ അതിനു ബുക്ക് ചെയ്യുക. എന്തായാലും പെട്ടെന്ന് പോകേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ ഖാദിയാൻ ശൂന്യമായിപ്പോയെന്ന് ജനങ്ങൾക്ക് തോന്നും. മസീഹ് മൗഊദ് (അ)ന്റെ കുടുംബം ഇത്തരം ഘട്ടത്തിൽ അവരുടെ മാതൃക കാണിക്കുന്നില്ലെങ്കിൽ, ത്യാഗം ചെയ്യുന്നില്ലെങ്കിൽ പിന്നെ ജനങ്ങൾ എങ്ങനെയാണ് ത്യാഗം ചെയ്യുക."

ഏകദേശം ഈ വാക്കുകളിലാണ് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് 2005-ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ എന്നോട് ഈ സംഭവങ്ങളെല്ലാം പറഞ്ഞത്. 21-ാം വയസ്സിൽ 'ദിയാരെ മസീഹിന്റെ' സംരക്ഷണത്തിന്നായി അയക്കപ്പെട്ട ആ യുവാവ്, ഭൗതികാടിസ്ഥാനത്തിൽ നോക്കിയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കാരണത്താൽ, ഖാദിയാനിലെ പൈതൃകമായ സ്വത്തിന്റെ ഉടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കാലത്തിന്റെ ഖലീഫയായിരുന്നു. പിതാവ് മകനോട് പറഞ്ഞു: "നിന്റെ ഖാദിയാനിലുള്ള താമസം ഖാദിയാനിലെ ദർവേശുമാരുടെ ധൈര്യം ഉയരുന്നതിന് കാരണമായിത്തീരും. നിന്റെ സാന്നിധ്യം അവിടെ അനിവാര്യമാണ്." അമീറിന്റെ അനുസരണത്തിൽനിന്ന് വെളിയിൽ താമസിക്കണം എന്ന വിചാരം മിയാസാഹിബിന് ഉണ്ടായതേയില്ല. എന്നല്ല അത് അമീറിനെ അനുസരിച്ചുകൊണ്ടുള്ള തന്റെ മാതൃകയും ഉന്നതമായ നിലയിൽ താൻ കാഴ്ചവയ്ക്കണമെന്ന വിചാരം കൂടുതലായി ഉണ്ടാക്കുകയാണ് ചെയ്തത്. ഓരോ ദർവേശുമാരും തന്നെ കണ്ടുകൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ അമീറിനെ അനുസരിക്കുന്നതിൽ മാതൃക കാണിക്കുന്നതിനുവേണ്ടിയായിരുന്നു അത്. ഇത് തീർച്ചയായും ആ 'ഉലുൽഅസം' പിതാവിന്റെ ഉപദേശത്തിന്റെ ഫലമായിരുന്നു. പ്രത്യേകിച്ച് അല്ലാഹുവിന്റെ ചിഹ്നങ്ങളെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി അയക്കപ്പെട്ട ഈ ദർവേശ് മകന് അദ്ദേഹം നല്കിയ തർബിയ്യത്തിന്റെ ഫലമായിരുന്നു. അതിൽ വളരെ പ്രധാനപ്പെട്ട ഒരുപദേശം ഇങ്ങനെയുമുണ്ടായിരുന്നു. "നാസിർ ആണെന്നുള്ള വിചാരം നിന്റെ മനസ്സിൽ നീ ഒരിക്കലും കൊണ്ടുവരരുത്- യുവത്വത്തിൽ തന്നെ നാസിർ ആയിരുന്നു- മറിച്ച് എപ്പോഴും നിന്റെ മനസ്സിലുണ്ടായിരിക്കേണ്ടത് നീ മസീഹ് മൗഊദ് (അ)ന്റെ പൗത്രനാണെന്നുള്ള വിചാരമാണ്. അതനുസരിച്ച് നിന്റെ ജീവിതത്തെ വാർത്തെടുക്കേണ്ടതാണ്. ഇതാണ് യഥാർത്ഥനില എന്ന് മനസ്സിലാക്കണം. ഈ രീതിയിൽ നിന്നെ സ്വയം സമർപ്പിക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രൻ എന്നതിനു പുറമെ പിന്നെ എന്തു ബോധമാണുണ്ടാകേണ്ടിയിരുന്നത്? 'നിന്റെ താഴ്മയോടെയുള്ള വഴി അവനിഷ്ടപ്പെട്ടു' എന്ന് പറഞ്ഞുകൊണ്ട് ഏതൊരു ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചത്, അത് പൂർത്തിയാക്കപ്പെടണമായിരുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ സമയം പാഴക്കിക്കളയരുതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും അഭിമാനം നിലനിറുത്തേണ്ടതാണെന്നുമുള്ള കാര്യങ്ങളെല്ലാം ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് തന്റെ ചുമതലയായെടുത്തു. അതനുസരിച്ച് പ്രവർത്തിക്കു

കയും നല്ലവണ്ണം നിറവേറ്റുകയും ചെയ്തു. ഖാദിയാൻ വാസികളിലും ഇന്ത്യൻജമാഅത്തുകളിലും അത് നടപ്പിൽ വരുത്താൻ ശ്രമിച്ചു. ഓരോ ആത്മാർത്ഥ അഹ്മദിയും- അവർ ഖാദിയാനിൽ വസിക്കുന്നവരാകട്ടെ, ഇന്ത്യയിലെ മറ്റു ജമാഅത്തുകളിൽ വസിക്കുന്നവരാകട്ടെ അല്ലെങ്കിൽ എവിടെ വസിക്കുന്നവരാണെങ്കിലും, ഓരോ ഉദ്യോഗസ്ഥനും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബത്തിലെ ഓരോ അംഗത്തിനും, ഇത്തരം മാതൃക നിലനിറുത്തേണ്ടതാണ്.

അദ്ദേഹത്തിന്റെ ജനനത്തെ സംബന്ധിച്ച് ഹ്രസ്വമായി പറയാം. ജിദ്ദയിലെ സേട്ട് അബൂബക്കർ യൂസുഫ് സാഹിബിന്റെ മകളായ സയ്യിദ അസീസ ബീഗം സാഹിബയുടെ മകനായി 1927-ലാണ് മിയാ സാഹിബ് ജനിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ഇങ്ങനെയൊരു വിവാഹം കഴിക്കണമെന്ന തീരുമാനം ആദ്യം ഉണ്ടായിരുന്നില്ല. മറ്റെവിടെയോ ബന്ധം ഉറച്ചിരുന്നു. പക്ഷേ, അല്ലാഹുവിന്റെ വിധി, ഹദ്റത്ത് അസീസബീഗം സാഹിബയുടെ വിവാഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദുമായി നടക്കണമെന്നതായിരുന്നു. ഇത് സംബന്ധമായി ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്‌റത്ത് ജഹാം ബീഗം സാഹിബ(റ)യ്ക്കും ഖലീഫത്തുൽ മസീഹ് സാനി(റ)യ്ക്കും മറ്റു ചിലർക്കും ചില സ്വപ്നങ്ങളുണ്ടായിരുന്നു. അല്ലാഹുവിൽനിന്ന് തുടരെത്തുടരെ ആ വെളിപ്പെടലുണ്ടായി. അക്കാരണത്താലാണ് ഈ വിവാഹം നടന്നത്. ഇതിനെക്കുറിച്ച് ഹദ്റത്ത് മൗലവി സർവർശാഹ് സാഹിബ്(റ) മുസ്‌ലിഹ് മൗഊദിന്റെ നിക്കാഹിന്റെ വിളംബരാവസരത്തിൽ പറഞ്ഞിരുന്നു.

ഹദ്റത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബിന്റെ ജനനത്തെക്കുറിച്ച്, ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) ഒരു സ്വപ്നം കണ്ടിരുന്നു. അത് ഞാൻ പറയാം. എന്റെ മാതൃസഹോദരി സാഹിബ് സാദി അമത്തുന്നസ്വീർ സാഹിബ ആ സ്വപ്നം ഒരു കത്തിൽ എന്നെ എഴുതിയറിയിച്ചിരുന്നു. അമത്തുന്നസ്വീറിന്റെ മാതാവിന് അതായത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഒരു ഭാര്യയായ സാറ ബീഗം സാഹിബായ്ക്ക് ഹദ്റത്ത് മുബാറക്ക ബീഗം സാഹിബ എഴുതിയ ഒരു പഴയ കത്താണിത്. അമത്തുന്നസ്വീർ സാഹിബ പറയുന്നു, 'ഞാൻ കരുതുന്നത് ആ സ്വപ്നം സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബിൽ പൂർണ്ണമായും പുലർന്നു എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത മകളായ ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ, തന്റെ ജേഷ്ഠന്റെ ഭാര്യ സയ്യിദ സാറാ ബീഗം സാഹിബായ്ക്കെഴുതിയതാണ് ഈ കത്ത്. എഴുതുന്നു: അത്ഭുതം തോന്നുന്നു. ഇവിടെ താങ്കളുടെ കത്തിൽനിന്ന് പ്രിയപ്പെട്ട അസീസ ഗർഭിണിയാണെന്നറിഞ്ഞു. ഞാൻ ഈ രാത്രി ഒരു സ്വപ്നം കണ്ടിരുന്നു. അതായത്, ഞാൻ, സഹോദരനോട് (ഖലീഫത്തുൽ മസീഹ് സാനിയോട്) സ്വപ്നത്തിൽ, ഈ സ്വപ്നം പറയുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ കൈപിടിച്ചുകൊണ്ട്, 'നിന്റെ സഹോദരന്, അസീസായുടെ വയറ്റിൽനിന്ന് ആൺകുട്ടി ജനിക്കും' എന്ന സുവാർത്ത അറിയിച്ചിരിക്കുന്നു. ഈ സുവാർത്ത കേട്ടിട്ട് ഭായി സാഹിബ് വളരെ സന്തോഷിച്ചു. (സ്വപ്നത്തിൽ) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വളരെ സന്തോഷിച്ചു. അദ്ദേഹം പറഞ്ഞു. ഞാനും ആഗ്രഹിച്ചത് അസീസായിൽനിന്നുതന്നെ ഉണ്ടാകണമെന്നാണ്.

താൻ തന്റെ ഒരു മകനെ ഈ അകൃഷ്ടമായൊരു താഴ്വരയിൽ താമസിപ്പിച്ചിരിക്കുന്നു എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരിക്കൽ പറയുകയുണ്ടായി. അല്ലാഹു അവന് പ്രവൃത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

പ്രത്യക്ഷത്തിൽ നോക്കിയാൽ ഖാദിയാൻ പ്രദേശം ജനവാസമുള്ളതും ഹരിതാഭവുമായിരുന്നു. പക്ഷേ, ഖാദിയാനിലെ ദർവേശുമാരുടെ ജീവിതം ആരംഭകാലത്ത് അങ്ങേയറ്റം ഞെരുക്കത്തിലും ഭയാവസ്ഥയിലുമായിരുന്നു. മുഅ്മീൻ ബുദ്ധിമുട്ടുകളിൽ ഭയപ്പെടുകയില്ലെന്നത് ശരിതന്നെ. പക്ഷേ, ചുറ്റുപാടുമുള്ള അമുസ്‌ലിംകൾ സൃഷ്ടിച്ച ഭീകരാന്തരീക്ഷം ആശങ്കാജനകമായിരുന്നു. അവിടെ താമസിക്കുന്നവർക്കും തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി ശരിയായനിലയിൽ നിർവഹിക്കുവാൻ കഴിയുമോ എന്ന ആശങ്കയുണ്ടായിരുന്നു. ലോകത്തെ മറ്റു ജമാഅത്തുകൾക്കും, ഖലീഫയ്ക്കുതന്നെയും ഈ ചിന്തയുണ്ടായിരുന്നു. അവരിലർപ്പിതമായ ചുമതലയിൽനിന്ന് അവരെ ഏതെങ്കിലും ഭയം അകറ്റാതിരിക്കാൻ വേണ്ടി അവരെല്ലാം ദുആ ചെയ്തുകൊണ്ടിരുന്നു. ദിയാരെ മസീഹിലെ അല്ലാഹുവിന്റെ ചിഹ്നങ്ങളെ കാത്തുരക്ഷിക്കുന്നതിനായി അയക്കപ്പെട്ട അവർ അത് പൂർണ്ണമായും നിർവഹിക്കുന്നവരായിത്തീരാൻ പ്രാർത്ഥിച്ചു.

അക്കാലത്ത് കാര്യങ്ങളെല്ലാം അങ്ങേയറ്റം വഷളായിരുന്നു. എത്രമാത്രമെന്നാൽ, ഖാദിയാനിൽ വസിക്കുന്നവരെ സംബന്ധിച്ച് സംശയദൃഷ്ടിയോടെയാണ് ഭരണാധികാരികൾ നോക്കിക്കണ്ടിരുന്നത്. പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്ക് വരുന്നവരും ഹിന്ദുക്കളും സിക്കുകാരും മറ്റുള്ളവരും വളരെ ശത്രുതാമനോഭാവത്തോടെയാണ് അവരെ കണ്ടിരുന്നത്. സാഹചര്യം കിട്ടിയാൽ അവരെ നശിപ്പിക്കണം എന്ന ശ്രമ

ത്തിലായിരുന്നു അവർ. അന്ന് വെളിയിൽനിന്ന് ഖാദിയാനിലേക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നതും നിലച്ചിരുന്നു. സൂക്ഷിച്ചുവെച്ചിരുന്ന കുറച്ചു സാധനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അന്തരീക്ഷവും അങ്ങേയറ്റം ഭീകരമായിരുന്നു. ശതക്കണക്കിന് മാത്രമുണ്ടായിരുന്ന ഖാദിയാൻ വാസികൾക്ക്, വാസ്തവത്തിൽ 'വാദിൻ ഗയ്‌രി ദീ സർഇൻ'- അകൃഷ്ടമായ ഒരു താഴ്‌വര- തന്നെയായിരുന്നു അന്ന് ഖാദിയാൻ. പിന്നീട് മെല്ലെ, മെല്ലെ സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബിന്റേയും മറ്റ് ദർവേശുമാരുടേയും പരിശ്രമവും പ്രാർത്ഥനയും കാലത്തിന്റെ ഖലീഫയുടെ ദുആയും ജമാഅത്തിന്റെ ദുആയും അതിന്റെ ഫലം കാണിക്കാൻ തുടങ്ങി. ചുറ്റുപാടുള്ളവരുമായി ബന്ധങ്ങൾ വളർന്നു. അവരുടെ ഹൃദയവും അലിയാൻ തുടങ്ങി.

പിന്നീട് ദർവേശുമാർ മുമ്പത്തെ അപേക്ഷിച്ച് സ്വാതന്ത്ര്യത്തോടെ ശ്വാസമെടുക്കാൻ തുടങ്ങി. പക്ഷേ, ദാരിദ്ര്യവും സാമ്പത്തികഞെരുക്കവും ഒരുപാട് കാലംവരെ നിലനിന്നു. അക്കാലഘട്ടത്തിൽ ദർവേശുമാർക്ക് ജമാഅത്തിന്റ ഫണ്ടിൽനിന്ന് ചെലവിനുള്ളത് നിശ്ചയിച്ചിരുന്നുവെങ്കിലും അത് വളരെ തുച്ഛമായിരുന്നു. ഭക്ഷണത്തിനുതന്നെയും അത് തികയുമായിരുന്നില്ല. പക്ഷേ, ചെലവ് അത്രമാത്രമേ കിട്ടുകയുള്ളൂവെന്നും അത് ജമാഅത്തിന്റെ ഫണ്ടിൽനിന്ന് ആയിരിക്കുകയില്ലെന്നും ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ വ്യക്തിപരമായ അമാനത്തിൽനിന്നായിരിക്കും അത് ലഭിക്കുകയെന്നും ഹദ്റത്ത് മിയാൻ സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദ്ദേശമുണ്ടായിരുന്നു. പിന്നീട് പതുക്കെ പതുക്കെ അവസ്ഥകൾ മാറി. ആളുകൾക്ക് വരുമാനമുണ്ടാകാൻ തുടങ്ങി. മിയാസാഹിബിനും കൃഷിസ്ഥലത്തുനിന്നും വരുമാനം ഉണ്ടാകാൻ തുടങ്ങി. എന്തായാലും ആദ്യകാല ദർവേശുമാർ ജീവിച്ച അക്കാലഘട്ടം അങ്ങേയറ്റം ഞെരുക്കത്തിന്റേയും ഭയത്തിന്റേതുമായിരുന്നു. അതവരുടെ അസാധാരണമായ ത്യാഗമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മക്കളിൽ അല്ലാഹുതആല ദർവേശീപരവും ത്യാഗപരവുമായ ജീവിതം കഴിക്കാൻ അവസരം നല്കിയ വ്യക്തിയുടെ മാതൃഗൃഹം അറേബ്യയുമായി ബന്ധപ്പെട്ടത്, അല്ലാഹുവിന്റെ അഗാധമായ യുക്തിയിലധിഷ്ഠിതമായ കാര്യമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ സ്ഥലം ഇസ്മാഈലീ ത്യാഗത്തിന്റെ മാതൃക, സ്ഥാപിതമായ സ്ഥലത്തിനടുത്തായിരുന്നു. ഞാൻ ഇപ്പോൾ കേൾപ്പിച്ച ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ കണ്ട സ്വപ്നത്തിൽനിന്നും മനസ്സിലാകുന്നത്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 'ഞാനും ആഗ്രഹിച്ചത് അസീസായിൽനിന്നുതന്നെ ഉണ്ടാകണമെന്നാണ്' എന്ന വാക്കുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപെടലും, സുവാർത്ത അറിയിക്കലും എല്ലാം വിളിച്ചോതുന്നത്, ഈ മകനിൽനിന്ന് അല്ലാഹു എന്തോ അസാധാരണമായ ജോലി എടുപ്പിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. ആ ജോലി ത്യാഗത്തിന്റേതായിരുന്നു. അല്ലാഹു അത് സ്വീകരിക്കുമാറാകട്ടെ.

ഈ ത്യാഗം വരിക്കാൻ ഹദ്റത്ത് മിയാ സാഹിബിനുണ്ടായിരുന്ന ആവേശം എത്രമാത്രമായിരുന്നു എന്ന് അദ്ദേഹത്തിന്റെ 'ഞാൻ ദുആ ചെയ്തു. അല്ലാഹു എന്നെ ഇവിടെത്തന്നെ താമസിപ്പിക്കുമാറാകട്ടെ' എന്ന വാക്കുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ മക്കളും മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങളും ഊഴത്തിന്റെ അടിസ്ഥാനത്തിൽ ഖാദിയാനിൽ വന്ന് കുറച്ചുമാസം വീതം താമസിക്കുക എന്നതായിരുന്നു ആദ്യത്തെ തീരുമാനം. പിന്നീട് അവസ്ഥകൾ മാറിമറിഞ്ഞു. വരവും പോക്കും നിലച്ചു. പാക്കിസ്ഥാനിലുള്ളവർ പാക്കിസ്ഥാനിലും ഖാദിയാനിലുള്ളവർ ഖാദിയാനിലും താമസിക്കണം എന്ന നിലയായി. അങ്ങോട്ടും ഇങ്ങോട്ടുമുള്ള പോക്കുവരവ് നിർത്തലാക്കുക എന്ന നിയമം പാസായി. തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മിയാ വസിം അഹ്മദ് സാഹിബ് ഒരിക്കൽ പറഞ്ഞു:

"എന്റെ ഉൽക്കടമായ ആഗ്രഹവും ദുആയും ഞാൻ ഖാദിയാനിൽത്തന്നെ താമസിച്ച് സേവനം ചെയ്യണമെന്നായിരുന്നു. അതിനുവേണ്ടി ഒരിക്കൽ ഞാനെന്റെ മുസ്വല്ലയുമെടുത്ത് ഖാദിയാനിലെ ഖസ്‌റെ ഖിലാഫത്തിന്റെ (ഖലീഫ ഇരുന്നിരുന്ന സ്ഥലം) വലിയ മുറിയിൽ പോയി. അവിടെവെച്ച് ഞാൻ നഫ്ൽ നമസ്കരിക്കാൻ തുടങ്ങി. ദുആ സ്വീകാര്യമാകുമ്പോൾ അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കുന്നുവെന്ന് പറയുന്നതുപോലെ, എനിക്ക് വളരെ വേദനയോടെ ദുആ ചെയ്യാൻ സന്ദർഭം ലഭിച്ചു. എനിക്കുതന്നെ തോന്നി അല്ലാഹു അത് സ്വീകരിക്കുമെന്ന്. ഞാൻ ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനോട് പറഞ്ഞു, ഞാൻ ഖാദിയാനിൽനിന്ന് പോകുന്നില്ല. ഇവിടെത്തന്നെ താമസിക്കാനുള്ള സാഹചര്യം നീ ഒരുക്കിയാലും." പറയുന്നു: "ഖാദിയാനിലെ അമുസ്‌ലിംകൾ സർക്കാരിൽ പരാതി ബോധിപ്പിച്ചു. പാക്കിസ്ഥാനിൽനിന്ന് ആളുകൾ ഇവിടെ വരികയും ഇവിടെനിന്ന് അവിടെ പോകുകയും ചെയ്യുന്നു. ഇവിടെ വരുമ്പോൾ ഇവിടത്തെ സർക്കാരിനോട് കൂറുപുലർത്തുകയും അവിടെ

ചെല്ലുമ്പോൾ അവരോട് കൂറുപുലർത്തുകയും ചെയ്യുന്ന പ്രവണത ശരിയല്ല. അതുകൊണ്ട് ഇത് നിർത്തൽ ചെയ്യേണ്ടതാണ്. അങ്ങനെ അവരുടെ പരാതിയിന്മേൽ സർക്കാർ അങ്ങോട്ടു മിങ്ങോട്ടുമുള്ള പോക്കുവരവിൽ നിയന്ത്രണമേർപ്പെടുത്തി. അങ്ങനെ മിയാൻ സാഹിബ് ഖാദിയാനിലെ സ്ഥിരംവാസിയായി. അദ്ദേഹത്തിന് അല്ലാഹു ഖാദിയാനിൽ താമസിക്കാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തു.

1952-ൽ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്റത്ത് ജഹാം ബീഗം സാഹിബ(റ) വഫാത്തായപ്പോൾ സ്ഥിതിഗതികൾ മോശമായ കാരണത്താൽ മിയാൻ സാഹിബിന് പാക്കിസ്ഥാനിൽ പോകാൻ കഴിഞ്ഞില്ല. അങ്ങനെ ആ വിഷമം അവിടന്ന് ഇന്ത്യയിൽ തനിച്ചിരുന്ന് സഹിച്ചു. അക്കാലത്ത് പഠനാർത്ഥം അവിടന്ന് ലഖ്നൗവിൽ ആയിരുന്നുവെന്നാണ് തോന്നുന്നത്. തഫ്സീർ പഠിക്കുന്നതിനായി കുറച്ചു നാൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) മിയാൻ സാഹിബിനെ ലഖ്നൗവിൽ അയച്ചിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന് തന്റെ മുജാഹിദ് ദർവേശ് മകനോട് അദ്ദേഹത്തിന്റെ ത്യാഗം കാരണത്താൽ വലിയ ബന്ധമുണ്ടായിരുന്നു. വിവാഹം കഴിഞ്ഞുടനെ ചില കാരണങ്ങളാൽ എത്രയും വേഗം തിരിച്ചുപോകാൻ ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞ സംഭവം ഞാൻ കേൾപ്പിച്ചല്ലോ. വിമാന ടിക്കറ്റ് കിട്ടിയിരുന്നു. രണ്ടുദിവസം കഴിഞ്ഞാണ് ഖാദിയാനിലേക്ക് മടങ്ങേണ്ടിയിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നേരിട്ട് ലാഹോറിലേക്ക് വരികയാണ് ചെയ്തത്, അല്ലാതെ രണ്ട് ദിവസമുണ്ടല്ലോ നീ റബ്വയിലേക്ക് വരിക എന്ന് പറഞ്ഞില്ല. ഖലീഫത്തുൽ മസീഹ് സാനി(റ) ലാഹോറിൽ വരികയും പല ഉപദേശങ്ങളും നിർദ്ദേശങ്ങളും മിയാൻ സാഹിബിന് കൊടുക്കുകയും അല്ലാഹു സുഖമായി മിയാൻ സാഹിബിനെ ഖാദിയാനിലെത്തിക്കുന്നതിനായി ധാരാളം പ്രാർത്ഥിക്കുകയും തന്റെ സാന്നിധ്യത്തിൽ യാത്ര അയക്കുകയും ചെയ്തു. ഹദ്റത്ത് ഡോക്ടർ ഹശ്മത്തുല്ലാ സാഹിബ് പിന്നീട് മിയാൻ സാഹിബിനോട് പറഞ്ഞു (ഇത് മിയാൻ സാഹിബ്തന്നെ എന്നോട് പറഞ്ഞതാണ്) 'ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ലാഹോറിലെ വാൾട്ടൻ എയർപോർട്ടിൽ എന്നെ വിമാനം കയറ്റിയയക്കുന്നതിനായി വന്നു. വിമാനം കണ്ണിൽനിന്ന് മറയുന്നതുവരെ അവിടന്ന് അതിലേക്ക് നോക്കിക്കൊണ്ടിരുന്നു. ദുആ ചെയ്തുകൊണ്ടിരുന്നു.'

സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബിന്റെ ബീഗം സാഹിബ പറയുന്നു: എന്റെ കടലാസുകളെല്ലാം ശരിയായി, വിവാഹം കഴിഞ്ഞ് ഒരുവർഷത്തിനുശേഷം ഞാൻ ഖാദിയാനിലേക്ക് പോകാനൊരുങ്ങുകയായിരുന്നു. അപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രത്യേകമായ നിലയിൽ എന്നെ ഉപദേശിച്ചു: "ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാല്പാദങ്ങൾ ധാരാളമായി പതിഞ്ഞ ഉമ്മുനാസിറിന്റെ വീട്ടിൽ താമസിക്കണം. അതിന്റെ മുറ്റത്ത് ഹുസൂർ ദർസ് കൊടുക്കാറുണ്ടായിരുന്നു." ഈ ദർസ് കൊടുത്തത് മുസ്ലിഹ് മൗഊദ്(റ) ആണെന്നാണ് തോന്നുന്നത്. ഇവിടെ അത് വ്യക്തമാകുന്നില്ല.

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഭൂസ്വത്തുക്കൾ തിരിച്ചുവാങ്ങുന്നതിനുവേണ്ടി ഹദ്റത്ത് മിയാൻ വസിം അഹ്മദ് സാഹിബ് ചെയ്ത സേവനങ്ങൾ വളരെ വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബാംഗവും അവിടത്തെ പൗത്രനും ആയ കാരണത്താൽ സർക്കാർ അഞ്ചുമന്റെ സ്വത്തുക്കൾ ജമാഅത്തിന് തിരിച്ചുനല്കി. ഇല്ലെങ്കിൽ പല തന്ത്രങ്ങളും അവർക്ക് മെനഞ്ഞെടുക്കാമായിരുന്നു. ഇതിനായി അവിടന്ന് വലിയ വലിയ ഓഫീസർമാരുമായി ബന്ധപ്പെട്ടു. എന്നല്ല അക്കാലത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റുവുമായും ബന്ധപ്പെട്ടിരുന്നു. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുകയും നല്ല ഫലം കാണുകയും ചെയ്തു.

1963-ൽ മിയാൻ സാഹിബിന്റെ വന്ദ്യമാതാവ് സയ്യിദ അസീസ ബീഗം സാഹിബ വഫാത്തായി. വളരെ ബുദ്ധിമുട്ടിയാണ് പാക്കിസ്ഥാനിൽ പോകാൻ മിയാൻ സാഹിബിന് അനുവാദം കിട്ടിയത്. അങ്ങനെ മറയടക്കാൻ പോകുന്നനേരത്ത് അദ്ദേഹം അവിടെ എത്തിച്ചേർന്നു.

1965-ൽ പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധമുണ്ടായി. അതിനാൽ വാർത്താവിനിമയബന്ധം തികച്ചും നിലച്ചുപോയി. ഇന്ത്യയിലേയും ഖാദിയാനിലേയുമെല്ലാം തപാലും ടെലിഫോണും കമ്പിയുമെല്ലാം തകരാറിലായി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ രോഗവിവരം അറിഞ്ഞതും പിന്നീട് ആ മഹാത്മാവിന്റെ ദേഹവിയോഗത്തെക്കുറിച്ച് അറിയാനിടയായതും പാക്കിസ്ഥാൻ റേഡിയോ മുഖേനയായിരുന്നുവെന്ന് മിയാൻസാഹിബ് പറഞ്ഞു. പിന്നീട് ജമാഅത്തുമായി ബന്ധപ്പെട്ടെങ്കിലും ശ്രീലങ്കയിൽനിന്നാണ് വാർത്ത സ്ഥിരീകരിക്കപ്പെട്ടത്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ വഫാത്ത് സമയത്ത് മിയാൻ സാഹിബ് ഖാദിയാനിലായിരുന്നു. റിപ്പോർട്ടിൽ വന്നിരിക്കുന്നു, ഖലീഫത്തുൽ മസീഹ് സാനിയുടെ മരണവിവരം അറിഞ്ഞപ്പോൾ മിയാൻ സാഹിബ് ഖാദിയാനിലെ എല്ലാ ദർവേശുമാരേയും മസ്ജിദ് മുബാറക്കിൽ ഒരുമിച്ചുകൂട്ടി. കഠിനമായ ഈ

വിഷമസന്ധിയിൽ ക്ഷമ കൈക്കൊള്ളാനും സഹനം പാലിക്കാനും ദുആ ചെയ്യാനും അവരെ ഉപദേശിച്ചു. എന്നിട്ട് പറഞ്ഞു. "അല്ലാഹുവേ, ഹദ്റത്ത് അബ്ബാജാന്റെ അന്ത്യനേരമെത്തുമ്പോൾ എനിക്ക് അദ്ദേഹത്തിന്റെ അടുക്കൽ ഉണ്ടാകാൻ ഭാഗ്യം നല്കേണമേ എന്ന ദുആയും ആഗ്രഹവും എപ്പോഴും എനിക്കുണ്ടായിരുന്നു. എന്നാൽ, എനിക്ക് പോകാൻ പറ്റാത്ത അവസരത്തിലാണ് ഹുസൂറിന്റെ വേർപാട് സംഭവിച്ചിട്ടുള്ളത്. അപ്പോൾ അല്ലാഹു എനിക്ക് ഇങ്ങനെ മനസ്സലാക്കിത്തന്നു, ഖാദിയാനിലേയും ഇന്ത്യയിലേയും എല്ലാ അഹ്മദികളും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മക്കളെപ്പോലെതന്നെയാണ്. വേർപാടിന്റെ ദുഃഖം എല്ലാവർക്കും ഒരുപോലെയുണ്ടായിരിക്കുന്നു. നീയും അവരോടൊപ്പം അവർ സഹിക്കുന്നതുപോലെ ഈ ദുഃഖം സഹിക്കുക. നിന്റെ ഖാദിയാനിലെ വാസം അവർക്ക് സമാധാനത്തിനും സന്തോഷത്തിനും കാരണമാകും."

1971-ൽ ഇരുരാജ്യങ്ങളുടേയും അവസ്ഥ വീണ്ടും വഷളായി. ചില ഓഫീസർമാർ ഖാദിയാനിലെ അഹ്മദികളെ ബലാൽക്കാരമായി അവിടെനിന്ന് ഒഴിപ്പിക്കാൻ ശ്രമിച്ചു. കീഴുദ്യോഗസ്ഥന്മാരായിരുന്നു ഈ കല്പന പുറപ്പെടുവിച്ചിരുന്നത്; 'നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്. തങ്ങൾക്ക് ഖാദിയാനിൽ വന്ന് സംരക്ഷിക്കാൻ പറ്റുകയില്ലെന്നും അതുകൊണ്ട് മുഹല്ല അഹ്മദിയായും ദാറുൽ മസീഹുമെല്ലാം ഉപേക്ഷിച്ച് തങ്ങൾ പറയുന്ന സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും അങ്ങനെയായാൽ സംരക്ഷണം എളുപ്പമാക്കാൻ കഴിയുമെന്നും അവർ പറഞ്ഞു.

യഥാർത്ഥത്തിൽ നമ്മെ സംരക്ഷിക്കുക എന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. സംശയദൃഷ്ടിയോടെയാണ് അവർ നമ്മളെ കണ്ടിരുന്നത്. ആ ഘട്ടത്തിലും ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് ഖാദിയാനിലെ എല്ലാ അഹ്മദികളേയും മസ്ജിദ് മുബാറക്കിൽ വിളിച്ചുചേർത്തു. വേദനാനിർഭരമായ വാക്കുകളിൽ ഒരു പ്രസംഗം ചെയ്തു. അവിടന്ന് പറഞ്ഞു.

"ഇത് നമ്മുടെ ശാശ്വതമായ കേന്ദ്രമാണ്. നമ്മൾ ഇതിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. (എങ്ങനെയെങ്കിലും ഒഴിഞ്ഞുകിട്ടിയാൽ ആ സ്ഥലം കൈയടക്കാമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം) ഇന്നത്തെ ഒരേയൊരു രാത്രിയാണ് നമ്മുടെ പക്കലുള്ളത്. നമ്മുടെ ദുആ മുഖേന അല്ലാഹുവിന്റെ അർശിനെ പിടിച്ചുകുലുക്കുക. സർക്കാർ നമ്മളെക്കുറിച്ച് ഈ തീരുമാനത്തിൽത്തന്നെ ഉറച്ചുനില്ക്കുകയാണെങ്കിൽ, ഓർമ്മിക്കുക, ഒരു കുട്ടിപോലും സ്വന്തം ഇഷ്ടത്താൽ ഖാദിയാന് വെളിയിൽ പോകുകയില്ല. നമുക്ക് നമ്മുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും പരിശുദ്ധമായ സ്ഥലങ്ങൾ നിലകൊള്ളുന്ന ഈ ഖാദിയാൻ വിട്ട് നാം പോകുകയില്ല. ഓർത്തുകൊള്ളുക, ഞാനും ഇവിടെനിന്ന് സ്വയം വെളിയിൽപ്പോകുകയില്ല. സർക്കാരുദ്യോഗസ്ഥന്മാർ എന്നെ വലിച്ചിഴച്ച് വെളിയിൽ കൊണ്ടുപോകുകയാണെങ്കിൽ കൊണ്ടുപോകട്ടെ. എന്നാൽ, ഞാൻ എന്റെ കാലിൽ നടന്നുപോകുകയില്ല. നിങ്ങളിലെ ഓരോ ദർവേശിന്റേയും നിങ്ങളുടെ മക്കളുടേയും പൊസിഷൻ ഇതുതന്നെയായിരിക്കണം. എന്നെ കൊണ്ടുപോയിട്ട്, ഞങ്ങൾ നിങ്ങളുടെ മിയാസാഹിബിനെ കൂട്ടിക്കൊണ്ടുപോയി, അതുകൊണ്ട് നിങ്ങളും വരിക എന്ന് അവർ പറഞ്ഞേക്കാം. അവർ എന്നെ കൊണ്ടുപോകുന്നെങ്കിൽ കൊണ്ടുപോകട്ടെ. നിങ്ങൾ പോകുകയില്ല. ജമാഅത്തിലെ ഓരോ അംഗത്തിന്റേയും വായിൽനിന്ന് പുറപ്പെടേണ്ട ശബ്ദം, ഞങ്ങൾ ഖാദിയാനെ ഉപേക്ഷിക്കുകയില്ല എന്നതായിരിക്കണം. നിവേദകൻ പറയുന്നു, ആ രാത്രി ഖാദിയാനിലെ ഓരോ കുട്ടിയുടേയും അവസ്ഥ ഇതായിരുന്നു. ഓരോ വ്യക്തിയും അല്ലാഹുവിന്റെ മേൽ കമിഴ്ന്നുവീഴുന്ന പ്രതീതി. മസ്ജിദ് മുബാറക്കിന്റെ ഓരോ മുക്കിലും മൂലയിലും മസ്ജിദ് അഖ്സായുടെ ഓരോ കോണുകളിലും ബിഹിശ്തി മഖ്ബറയുടെ ഓരോ സ്ഥലത്തും ദുആ നടന്നുകൊണ്ടിരുന്നു. ഓരോ വീടിന്റേയും ഭിത്തികൾ, ദർവേശുകളുടെ ഉള്ളിൽനിന്ന് പുറത്തുവന്ന കഠിനവിലാപത്തിനും നിലവിളിക്കും സാക്ഷിയാണ്. അത് ദൈവികസന്നിധിയിൽ മുട്ടിവിളിക്കാൻ തുടങ്ങി. അവരുടെ സുജൂദിന്റെ സ്ഥലം നനവാർന്നതായി. അവരുടെ നെറ്റിത്തടം ദൈവികസവിധത്തിൽ കുനിഞ്ഞുതന്നെ കിടന്നു. നൂറുക്കണക്കിന് കരങ്ങൾ ദൈവികസവിധത്തിലേക്ക് ഉയർന്നു. ആ രാത്രിയും പകലും ഞങ്ങൾ ഇങ്ങനെയാണ് കഴിച്ചുകൂട്ടിയത്. അവസാനം അല്ലാഹു അവരുടെ ദുആ സ്വീകരിച്ചു. അടുത്തദിവസം സർക്കാരുദ്യോഗസ്ഥരെ കാണാനും വിവരങ്ങളെല്ലാം വ്യക്തമാക്കാനും വേണ്ടി ഒരു സംഘം ആളുകൾ പോയി. സൈനികോദ്യോഗസ്ഥന്മാർ നേരിട്ട് ഖാദിയാനിൽ വന്നു. മഖാമാത്തെ മുഖദ്ദസ അവർ കണ്ടു. അഹ്മദിയ്യാ മുഹല്ലയും അവർ നേരിൽ കണ്ടു. പിന്നീട് ഡി.സി. സാഹിബ് തുടങ്ങിയവരുടെ ശിപാർശയാൽ തീരുമാനം സർക്കാർ പിൻവലിച്ചു.

ഹദ്റത്ത് മിയാസാഹിബിന്റെ പ്രാർത്ഥനയെക്കുറിച്ച് അവിടെ താമസിച്ചുവന്ന നമ്മുടെ ഒരു മുബ

ല്ലിഗ് സാഹിബ് പറയുന്നു. "എനിക്ക് കുറച്ചുനാൾ ദാറുൽ മസീഹിൽ താമസിക്കാൻ അവസരം കിട്ടി. മിയാ വസീം അഹ്മദ് സാഹിബ്, രാത്രിയിൽ ബയ്ത്തുദ്ദുആയിലും, ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തിരുന്ന മറ്റു സ്ഥലങ്ങളിലും ദുആയിൽ മുഴുകിയിരിക്കുന്നത് ഞാൻ മിക്കപ്പോഴും കണ്ടിട്ടുണ്ട്."

1977-ൽ ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ വഫാത്തിനെ തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) മിയാസാഹിബിനെ അമീറെമഖാമിയും നാസിർഅഅ്ലായും ആയിട്ട് നിശ്ചയിച്ചു. ഇതിന്റെയടിസ്ഥാനത്തിലും അവിടന്ന് സംഘടനാപരമായ സേവനങ്ങളും അനുഷ്ഠിച്ചുപോന്നു.

1982-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) വഫാത്തായപ്പോഴും അദ്ദേഹത്തിന് റബ്വയിൽ പോകാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മൂത്ത രണ്ട് പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞിരുന്നു. ചെറിയ പെൺകുട്ടിയും മകനും മാത്രമേ അന്ന് അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്നുള്ളൂ. മകൾ അമത്തുർറഊഫ് പറയുന്നു: അബ്ബായ്ക്ക് ഖിലാഫത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. ഹുസൂറിന്റെ ദേഹവിയോഗത്തിന്റെ അടുത്തദിവസം തന്നെ, ഒരു കത്തുമായി ഉമ്മിയുടേയും എന്റേയും അടുത്തുവന്ന്, ഇത് വായിച്ച് ഒപ്പിടാൻ പറഞ്ഞു. (ഭാര്യയോടും മകളോടും പറഞ്ഞു ഒപ്പിടാൻ) അതിൽ ഖലീഫത്തുൽ മസീഹ് റാബിഅ്ന് ബയ്അത്ത് ചെയ്യുന്നതിനെ സംബന്ധിച്ചാണ് എഴുതിയിരുന്നത്. ഖലീഫയുടെ പേരൊന്നും അതിൽ ചേർത്തിരുന്നില്ല. അത് താൻ ഉടനെ അയക്കാൻ പോകുകയാണെന്നും അബ്ബാ പറഞ്ഞു. മകൾ പറയുന്നു: ഞാൻ, ചോദിച്ചു. അബ്ബാ! ഇപ്പോൾ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നിട്ടില്ലല്ലോ. ആരാണ് ഖലീഫയാകുകയെന്നും നമുക്കറിയില്ലല്ലോ? ഹദ്റത്ത് മിയാ സാഹിബ് ഉടനെ പറഞ്ഞു: "ഞാൻ ഖലീഫയുടെ മുഖം കണ്ടുകൊണ്ട് ബയ്അത്ത് ചെയ്യുന്നില്ല. ഞാൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖിലാഫത്തിനാണ് ബയ്അത്ത് ചെയ്യുന്നത്. ആരെ അല്ലാഹു ഖലീഫയാക്കിയാലും, ഞാൻ ബയ്അത്ത് ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഈ കത്ത് ഞാനെഴുതി. ഞാനത് അയക്കാൻ പോകുകയാണ്; ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടക്കുന്നതോടുകൂടി എന്റെ കത്ത് അവിടെ എത്തണം."

ഇതായിരുന്നു ഖിലാഫത്തിനോടുള്ള സ്നേഹവും പ്രേമവും, അതിന്റെ തിരിച്ചറിവും. എല്ലാവർക്കും ഈ നില കൈവരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഹദ്റത്ത് മിയാ സാഹിബിന്നെതിരിൽ എതിരാളികൾ കള്ളക്കേസ്സും കൊടുത്തിരുന്നു. സ്വന്തമാളുകളും മിയാസാഹിബിനെ ബുദ്ധിമുട്ടിക്കുകയുണ്ടായി. പക്ഷേ, വളരെ ക്ഷമയോടും ധൈര്യത്തോടുംകൂടി അവിടന്ന് ഓരോന്നും സഹിച്ചു. എന്നല്ല, കേൾക്കാൻ കഴിഞ്ഞത് ആ എതിരാളികളിൽ പലരും അനുശോചനം അറിയിക്കാൻ ഖാദിയാനിൽ എത്തിയിരുന്നുവെന്നാണ്.

ശതവാർഷിക ജൂബിലി കൊണ്ടാടിയ അവസരത്തിൽ, ഇന്ത്യ മുഴുവനും അവിടന്ന് പര്യടനം നടത്തി. ജമാഅത്തുകളെ ഓർഗനൈസ് ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖാദിയാൻ സന്ദർശിച്ച സന്ദർഭത്തിൽ, എല്ലാ ഉത്തരാവദിത്തങ്ങളും ഏറ്റെടുത്തു നടത്തി. 2005-ൽ ഞാൻ ഖാദിയാൻ സന്ദർശിച്ചപ്പോൾ മിയാസാഹിബിന് നല്ല സുഖമില്ലായിരുന്നു. വളരെ ക്ഷീണമുണ്ടായിരുന്നു. കഠിനമായ ഇൻഫക്ഷനുണ്ടായിരുന്നു. ആദ്യയോഗത്തിൽ അധ്യക്ഷം വഹിക്കേണ്ടത് അദ്ദേഹമായിരുന്നു. നല്ല പനിയുണ്ടായിരുന്ന സന്ദർഭമായിരുന്നു അത്. പക്ഷേ, ഞാൻ സമ്മതം കൊടുത്തത് കൊണ്ടു മാത്രമാണ് യോഗത്തിന് എത്തിയത്. സന്ദർഭവശാൽ ഞാൻ വീട്ടിൽവന്ന് എം.ടി.എ. ഓൺ ചെയ്തുനോക്കിയപ്പോൾ, അദ്ദേഹം അധ്യക്ഷനായിരിക്കുന്നതാണ് കണ്ടത്. 'അങ്ങയ്ക്ക് സുഖമില്ല, അധ്യക്ഷസ്ഥാനത്തുനിന്ന് വിരമിച്ച് ഉടനെ വരികയെന്ന്' ഞാൻ പറഞ്ഞയച്ചു. 'എനിക്ക് സുഖമില്ല എനിക്ക് പനിയാണ്. ഇരിക്കാൻ കഴിയില്ല. എന്നൊന്നും അദ്ദേഹം പറഞ്ഞില്ല. അങ്ങേയറ്റം ക്ഷീണിതനായിരുന്നുവെങ്കിലും 'ഞാൻ സമ്മതം കൊടുത്തുകഴിഞ്ഞു' എന്ന ഒറ്റക്കാരണത്താലാണ് ബുദ്ധിമുട്ടി അവിടെപ്പോയി അധ്യക്ഷസ്ഥാനത്തിരുന്നത്. എന്റെ സന്ദേശം കിട്ടിയുടനെ എഴുന്നേറ്റുപോരികയും ചെയ്തു.

അങ്ങേയറ്റം കൂറുപുലർത്തിക്കൊണ്ട്, തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന ആളായിരുന്നു മിയാ സാഹിബ്. ഞാൻ താമസിച്ച വീട്ടിൽ ചെറിയ ചെറിയ ജോലികൾ തീരാനുണ്ടായിരുന്നു. സ്വയം മേസ്തിരിമാരെ കൊണ്ടുവന്ന് സ്വന്തം നോട്ടത്തിൽ ജോലി ചെയ്യിച്ചിരുന്നു. വാസ്തവത്തിൽ അപ്പോഴും നല്ല ക്ഷീണമുണ്ടായിരുന്നു മിയാ സാഹിബിന്.

'അല്ലാഹുവിൽ സർവ്വവും സമർപ്പിക്കുക' അതായത് തവക്കുൽ ചെയ്യുക എന്ന ഗുണം വലിയ തോതിൽ അദ്ദേഹത്തിലുണ്ടായിരുന്നു. അല്ലാഹുവിനോട് സ്നേഹബന്ധം പുലർത്തിയിരുന്നു. നബി (സ) തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അത്യധികമായ പ്രേമമുണ്ടായിരുന്നു. അതേ പ്രേമ

മാണ് പിന്നീട് ഖിലാഫത്തുമായും ഉണ്ടായിരുന്നത്. ഖിലാഫത്തിനോടുള്ള അനുസരണം ഒരുപാടായിരുന്നു.

ജനങ്ങളോട് കണക്കറ്റ സ്നേഹമായിരുന്നു. സേവനത്തിന്റെ വികാരം തുടിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരെ അതിരറ്റ് ആദരിച്ചിരുന്നു. ദർവേശുമാരോട് വലിയ സ്നേഹമായിരുന്നു. എന്നല്ല, ഒരിക്കൽ ദർവേശുമാരെക്കുറിച്ച ആരോ വേണ്ടാത്തത് പറഞ്ഞപ്പോൾ, അവിടന്ന് വെറുപ്പ് പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ സ്വഭാവം എപ്പോഴെങ്കിലും വെറുപ്പ് പ്രകടിപ്പിക്കുമെന്ന് തോന്നുന്നതായിരുന്നില്ല. പക്ഷേ, ദർവേശുമാരുടെ അഭിമാനം ഓർത്തപ്പോൾ, ആ വാക്കുകൾ അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല.

അതിഥിസൽക്കാരം എടുത്തുപറയേണ്ട പ്രത്യേകതയായിരുന്നു. രാത്രി നേരത്ത് ആരെങ്കിലും കാണാൻ വന്നാൽ സന്തോഷത്തോടെ എതിരേല്ക്കുമായിരുന്നു. ബീഗം സാഹിബ പറയുന്നു: പെരുന്നാൾ ദിനങ്ങളിൽ വിധവകളെക്കാണാനും അവർക്ക് സമ്മാനം നല്കാനും എന്നെ പറഞ്ഞുവിടുമായിരുന്നു. ഏതെങ്കിലും പുരുഷനോ സ്ത്രീയോ സുഖമില്ലാതായാൽ അവരെ സന്ദർശിക്കാൻ പോകുമായിരുന്നു. രോഗം കൂടുതലാണെന്ന് കണ്ടാൽ അവരെ അമൃതസർ ആശുപത്രിയിൽ കൊണ്ടുപോകാൻ ഏർപ്പാട് ചെയ്യുമായിരുന്നു. ദർവേശുമാരെ കുട്ടികളെപോലെയാണ് പരിപാലിച്ചിരുന്നത്.

ബീഗം സാഹിബ പറയുന്നു: "ഞങ്ങൾ മൂന്നു മാസം വെളിയിൽ താമസിച്ചശേഷം ഖാദിയാനിലെത്തിയ ദിവസം ഏതോ അതിഥി വന്നിരുന്നു. അതിഥി വന്നിട്ടുണ്ട്, എന്തെങ്കിലും കഴിക്കാൻ കൊടുത്തുവിടുക എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ പറഞ്ഞു, നമ്മൾ ഇപ്പോൾ വന്നതല്ലേയുള്ളൂ. വീട്ടിലെന്തെങ്കിലും ഉണ്ടോ എന്നറിയില്ല. എന്താണ് കൊടുത്തുവിടേണ്ടത്? ഇത്തരം മറുപടിയല്ല പറയേണ്ടതെന്ന് എന്നോട് അദ്ദേഹം പറഞ്ഞു. തിരഞ്ഞുനോക്കുക എന്തെങ്കിലും കിട്ടും എന്നും അറിയിച്ചു. അങ്ങനെ ബിസ്ക്കറ്റിന്റെ ഒരു പായ്ക്കറ്റ് കിട്ടി. അത് ഞാൻ കൊടുത്തയച്ചു."

ചെറിയ ചെറിയ കാര്യങ്ങൾപോലും ശ്രദ്ധിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ആദ്യകാലത്തെ അവസ്ഥയെക്കുറിച്ച് ഞാൻ പറഞ്ഞു. പിന്നീട് അന്യരുമായിട്ടുള്ള ബന്ധം വളരെ വിശാലമായി. എല്ലാവരും പരിചയക്കാരായിരുന്നു. ഞാൻ 2005-ൽ ഖാദിയാനിൽ പോയപ്പോൾ, ഗുരുദാസ്പൂരിലും ഞങ്ങൾ പോയിരുന്നു. അവിടെ താമസിക്കുന്ന ചില മുതിർന്ന ആളുകളും, മിയാസാഹിബ് കാരണം എന്നെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചു. സിക്കുകാരിൽനിന്നും ഹിന്ദുക്കളിൽനിന്നും ആരു കണ്ടുമുട്ടിയാലും, മിയാസാഹിബിനെക്കുറിച്ച് പറയുമായിരുന്നു. അവിടത്തെ സൽസ്വഭാവം നല്ലവണ്ണം അറിയുന്നവരായിരുന്നു അവർ.

വഫാത്തിന്റെ ഈ അവസരത്തിലും വിദ്യാസമ്പന്നരായ ഒരുപാട് സിക്കുകാരും ഹിന്ദുക്കളും വന്നിരുന്നു. പാർലമെന്റംഗങ്ങളും, വ്യവസായികളും വക്കീൽമാരും, ദരിദ്രരും, പഞ്ചാബ് അസംബ്ലിയിലെ സ്പീക്കറും എത്തിയിരുന്നു. വീഡിയോയിലൂടെ ഞാൻ അവരുടെ പ്രതികരണം കേൾക്കുകയായിരുന്നു. എല്ലാവരും അദ്ദേഹത്തെ അങ്ങേയറ്റം സ്തുതിക്കുകയാണ്. മതത്തിന്നതീതമായിക്കൊണ്ട് ഞങ്ങളുമായി ബന്ധംവയ്ക്കുകയും മനുഷ്യത്വപരമായ ബന്ധം ശക്തിപ്പെടുത്തണമെന്ന പാഠം ഞങ്ങളെ പഠിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ഹദ്റത്ത് മിയാസാഹിബ് എന്ന് അവർ പറഞ്ഞു. എല്ലാവർക്കും മിയാസാഹിബിനെ അറിയാമായിരുന്നു.

ചെറിയ ചെറിയ ഒരുപാട് സംഭവങ്ങളുണ്ട്. അനുശോചനകത്തുകളിൽ എഴുതിയിരിക്കുന്നതെല്ലാം പറഞ്ഞാൽ വളരെ ദീർഘമായിപ്പോകും.

ഹദ്റത്ത് മിയാസാഹിബിന്റെ ഒരു പ്രത്യേകത, വളരെ നല്ലനിലയിൽ ആലോചിച്ചും ചിന്തിച്ചും സംസാരിച്ചിരുന്നു എന്നതാണ്. ജമാഅത്തിന്റെ പാരമ്പര്യത്തിൽനിന്ന് അകന്ന എന്തെങ്കിലും കാര്യം ഉണ്ടാകാതിരിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റേയും നബി(സ) തിരുമേനിയുടേയും സ്ഥാനത്തെ ബാധിക്കുന്ന ഒന്നും വന്നുപോകാതിരിക്കാനും പൊങ്ങച്ചത്തിന്റെ നാറ്റം ഉണ്ടാകാവുന്നതും ദർവേശീപരമായ വിനയത്തിന് ക്ഷതം പറ്റുന്നതുമായ കാര്യം സംസാരത്തിനിടെ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം അകറ്റിക്കളയുന്നതാണ്.

ഒരിക്കൽ കാനഡയിൽവെച്ച് അവിടത്തെ സാന്നിധ്യത്തിൽ ഒരാൾ ദർവേശുമാരുടെ ത്യാഗങ്ങളും ഖാദിയാൻ സംരക്ഷണത്തേയും അനുമോദിച്ചുകൊണ്ട് മിയാസാഹിബിനെ പുകഴ്ത്തിപ്പറഞ്ഞു. അത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'നോക്കൂ, വാസ്തവമെന്താണെന്നുവെച്ചാൽ ദർവേശുകളായ ഞങ്ങളല്ല ഖാദിയാനെ കാത്തുസൂക്ഷിച്ചത്. ഖാദിയാനിലെ പവിത്രസ്ഥലങ്ങളും അവിടെ ചെയ്യപ്പെടുന്ന ദുആകളുമാണ് ഖാദിയാനേയും അവിടുത്തെ വാസികളേയും കാത്തുസൂക്ഷിച്ചത്.' ഇതാണ് ഒരു മുഅ്മിന്റെ ചിന്താഗതിയും തിരിച്ചറിവും. എന്തൊന്നുണ്ടാകുന്നുവോ അത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ഉണ്ടാകുന്നത്. അതിനായി അല്ലാഹു

നമുക്ക് ദുആ ചെയ്യാൻ അവസരങ്ങൾ നല്കി. തന്റെ പ്രിയപ്പെട്ട മസീഹിന്റെ പരിശുദ്ധസ്ഥലത്തെ എല്ലാ ഉപദ്രവങ്ങളിൽനിന്നും തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം രക്ഷിച്ചു. നമ്മുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് ഖാദിയാനിലെ പവിത്രമായ സ്ഥലങ്ങളോടൊപ്പം നമ്മേയും കാത്തുസൂക്ഷിച്ചു.

ഒരാൾ അനുശോചനക്കുറിപ്പിൽ എഴുതിയ ഒരു വാക്യം എനിക്ക് വളരെ നല്ലതായി തോന്നി. ഹദ്റത്ത് മിയാ സാഹിബ് 'മുജാഹിദാന ശാൻസെ ദർവേശാന സിന്ദഗി ഗുസാരി'. മിയാസാഹിബ് വീരയോദ്ധാവിന്റെ മഹിമാവിലാസത്തോടെ സർവസംഗപരിത്യാഗിയുടെ ജീവിതം നയിച്ചു. വാസ്തവവും ഇതുതന്നെയാണ്.

ധനത്യാഗത്തിനുള്ള ആഹ്വാനം ഉണ്ടാകുമ്പോൾ അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തിരുന്നു. ഖലീഫയിൽനിന്നുണ്ടാകുന്ന ഓരോ ആഹ്വാനത്തിലും ആദ്യം സ്വയം പങ്കെടുക്കുകയും പിന്നീട് ജമാഅത്തിനെ ഉപദേശിക്കുകയുമാണ് ചെയ്തിരുന്നത്. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ എനിക്ക് എഴുതിയിരുന്നു: 'ഞാൻ ഖിലാഫത്ത് ജൂബിലിക്കായി ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്തിരുന്നു. അത് എന്റെ ഓർമ്മയിൽ ഉണ്ടായിരുന്നില്ല. അൽഹംദലില്ലാഹ്. എനിക്കിപ്പോൾ തക്കസമയത്ത് അതോർമ്മവന്നു. ഞാനിന്ന് അതടച്ചുതീർക്കുകയും ചെയ്തു.' അങ്ങേയറ്റം ക്ഷമ ചോദിച്ചുകൊണ്ടുള്ള ഒരു കത്തായിരുന്നു അത്. വഫാത്താകുന്നതിന് കുറച്ച് ദിവസം മുമ്പേ ഈ കണക്കും ശരിയാക്കിക്കൊണ്ടാണ് പോയത്. വസിയ്യത്തിന്റെ കണക്കും അപ്പപ്പോൾ ശരിയാക്കിവെച്ചിരുന്നു. തന്റെ ജീവിതത്തിൽ തന്നെ ഭൂസ്വത്തുക്കളുടെ കണക്കും ശരിയാക്കി കഴിഞ്ഞിരുന്നു. 1/9-ലാണ് വസിയ്യത്ത് ചെയ്തിരുന്നത്.

ഖിലാഫത്തിൽനിന്ന് എന്തെങ്കിലും കല്പനയുണ്ടാകുകയോ, നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ ഉടനെ അതുപോലെതന്നെ അത് നടപ്പിൽ വരുത്തിയിരുന്നു. എന്തെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ അതിന്റെ വിശദീകരണവും തേടി ചിലർ നടക്കുന്നതുപോലെ അല്ലെങ്കിൽ സ്വന്തം ഇഷ്ടത്തിന് അത് വ്യാഖ്യാനിച്ച് നടപ്പിൽ വരുത്തുന്നതുപോലെയായിരുന്നില്ല. ഖലീഫയുടെ ഉദ്ദേശ്യം എന്താണെന്ന് ക്ഷണത്തിൽ മനസ്സിലാക്കിയിരുന്നു.

രോഗബാധിതനായിട്ടും ഖലീഫയിൽനിന്ന് എന്തെങ്കിലും നിർദ്ദേശമുണ്ടായാൽ ഉടനെതന്നെ അത് നിർവഹിക്കുമായിരുന്നു. ഒന്നര വർഷംമുമ്പേയുണ്ടായ ഭൂകമ്പത്തിൽ ഖാദിയാനിലെ മസ്ജിദ് അഖ്സായ്ക്കും കേടുപറ്റിയിരുന്നു. പള്ളിയുടെ അറ്റകുറ്റ പണിക്കായി ഇവിടെനിന്ന് എഞ്ചിനിയർ പോയിരുന്നു. അവിടുത്തെ മണ്ണ് പരിശോധിക്കാൻ നിലം കുഴിച്ചുനോക്കണമായിരുന്നു. മിയാ സാഹിബിന്റെ അസാന്നിധ്യത്തിലും ആ ജോലി നടക്കാവുന്നതേയുള്ളൂ. പക്ഷേ, ആ സ്ഥലത്തെത്തുകയും തന്റെ മേൽനോട്ടത്തിൽ അതെല്ലാം നടത്തുകയും ചെയ്തു. 'ഞാനിവിടെ ഉണ്ടായിരുന്നുവെന്ന് ഖലീഫത്തുൽ മസീഹിനോട് പറയണം' എന്ന് ചിരിച്ചുകൊണ്ട് എഞ്ചിനിയറോട് പറഞ്ഞു. അത് രോഗമുണ്ടായിട്ടും ഞാനിവിടെ വന്നു എന്ന് പ്രകടിപ്പിക്കാനായിരുന്നില്ല. ഔദാര്യമെന്ന നിലയിലുമല്ല അത് പറഞ്ഞത്. മറിച്ച്, ഖലീഫത്തുൽ മസീഹിന്റെ പ്രാർത്ഥന തന്നോടൊപ്പമുണ്ടാകുമല്ലോ എന്ന് കരുതിയാണ് അങ്ങനെ പറഞ്ഞത്.

കുറച്ചുമാസം മുമ്പേ രോഗബാധിതനായിട്ടും കാശ്മീരിൽ പര്യടനം നടത്തുകയുണ്ടായി. ഓരോയിടത്തും ഖിലാഫത്തുമായി ബന്ധം വയ്ക്കേണ്ടതിനെക്കുറിച്ച് ജനങ്ങളെ ഉപദേശിച്ചു.

ആളുകൾ ദുആയ്ക്കുവേണ്ടി മിയാ സാഹിബന് കത്തെഴുതാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിലാണ് അതെഴുതിയിരുന്നത്. എന്നാൽ, ഏതെങ്കിലും കത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കൽ എത്തേണ്ടതാണെന്ന് കണ്ടാൽ അത് ഇവിടേക്ക് അയക്കുമായിരുന്നു. ഖലീഫയുടെ ദുആ അവർക്ക് കിട്ടുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തിരുന്നത്.

രോഗം കൂടിയപ്പോൾ ജോലി വേണ്ടുംവിധം ചെയ്യാൻ കഴിയാത്ത കാരണത്താൽ മറ്റാരെയെങ്കിലും നിശ്ചയിക്കാൻവേണ്ടി എനിക്ക് എഴുതിയിരുന്നു. 'ആരേയും ഏല്പിക്കേണ്ട ആവശ്യമില്ല. ഏതെങ്കിലും ജോലികൾക്ക് ആരുടെയെങ്കിലും ആവശ്യം വേണ്ടിവന്നാൽ അവരെക്കൊണ്ട് അത് ചെയ്യിക്കുക. നാസിർ അഹ്‌ലാ അങ്ങ് തന്നെയായിരിക്കും' എന്ന് ഞാൻ മറുപടി അയച്ചു. അതിനുശേഷം സ്വയം ബുദ്ധിമുട്ടിക്കൊണ്ട് ആ ജോലികൾ ചെയ്തുകൊണ്ടിരുന്നുവെന്നാണ് എനിക്ക് മനസ്സിലാകുന്നത്.

മിയാ സാഹിബ് വഫാത്തായതിനുശേഷം ഒരു കാര്യത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ട് എനിക്ക് കിട്ടി. അതിൽ മിയാസാഹിബിന്റെ ഒപ്പുണ്ടായിരുന്നു. ഏപ്രിൽ 25-ാം തിയ്യതിയാണ് ഒപ്പിട്ടിരുന്നത്. അതായത് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ദിവസവും കഠിനമായ ഇൻഫെക്ഷൻ ഉണ്ടായിട്ടും, പനി 104, 105 വരെയെത്തിയിട്ടും ആ റിപ്പോർട്ട് മുഴുവൻ പരിശോധിക്കുകയും അതിൽ ഒപ്പിടുകയും ചെയ്തു.

അല്ലാഹുതആല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ മകന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അവിടന്ന് തന്റെ ദർവേശിന്റെ പ്രതിജ്ഞ നിറവേറ്റി. അത് നല്ലവണ്ണം നിറവേറ്റി. സ്വാഭാവികമായും അദ്ദേ

ഹത്തിന്റെ മരണമുണ്ടായപ്പോൾ എനിക്ക് വളരെയധികം ആശങ്കയുണ്ടായി. നല്ലവണ്ണംപ്രവർത്തിച്ചിരുന്ന ഒരു പുണ്യാത്മാവ് നമ്മളിൽനിന്ന് വേർപ്പെട്ടിരിക്കുകയാണ്. അദ്ദേഹം എന്റെ മാതുലൻ മാത്രമായിരുന്നില്ല. എന്റെ വലംകൈയായിരുന്നു. അല്ലാഹു അദ്ദേഹത്തെ എനിക്കായി 'സുൽത്വാനെ നസ്വീർ' ആക്കിയിരുന്നു. എന്തായാലും എനിക്ക് ആശങ്കയുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ പെരുമാറ്റവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അവൻ ചെയ്ത വാഗ്ദാനവും കാണുമ്പോൾ മനസ്സിന് സമാധാനമുണ്ടാകുന്നു. അല്ലാഹു എപ്പോഴും എന്നപോലെ ഈ വിടവും നികത്തുന്നതാണ്. ആദ്യത്തേക്കാൾ കൂടുതൽ ത്യാഗം ചെയ്യുന്നവരായ 'സുൽത്വാനെ നസ്വീർ'മാരെ നല്കുന്നതാണ്. ഇൻശാഅല്ലാഹ്. അവൻ നല്കിക്കൊണ്ടിരിക്കുകയും ചെയ്യും.

അല്ലാഹു ദർവേശുമാരുടെ മക്കൾക്ക്, ഖാദിയാനിൽ വസിക്കുന്ന ഓരോരുത്തർക്കും ആ ത്യാഗീവര്യന്മാരായ ദർവേശുമാരുടെ സ്മരണകൾ ജീവനോടെ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ഇപ്പോൾ വളരെ കുറച്ചു ദർവേശുമാർ മാത്രമേയുള്ളൂ. അവരെ ആദരിക്കുവാൻ ഇവർക്ക് ഭാഗ്യം നല്കുമാറാകട്ടെ. ദിയാരെ മസീഹിൽ വസിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട പദവി എന്താണെന്ന് മനസ്സിലാക്കാൻ ഖാദിയാനിൽ വസിക്കുന്ന ഓരോ അഹ്മദിക്കും തൗഫീഖ് ലഭിക്കുമാറാകട്ടെ. പുണ്യാത്മാക്കൾ വേർപെടുമ്പോൾ പുതിയ തലമുറയുടെ ഉത്തരവാദിത്തം കൂടുന്നു. ജീവിക്കുന്ന ജനതയുടെ പുതുതലമുറ ആ ഉത്തരവാദിത്തം നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. ഖാദിയാനിൽ വസിക്കുന്ന എല്ലാ വാഖ്ഫെ സിന്ദഗിയും ഉദ്യോഗസ്ഥരും ആദ്യത്തേക്കാൾ കൂടുതൽ സ്നേഹത്തോടും സന്തോഷത്തോടും സാഹോദര്യത്തോടും കൂടി വസിക്കുമെന്നും അവരുടെ നന്മയിലും തഖ്‌വയിലും അഭിവൃദ്ധിയുണ്ടാകുമെന്നും ഖാദിയാനിൽ വസിക്കുന്ന ഓരോ അഹ്മദിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയമക്കളായ കാരണത്താൽ അവരുടെ കടമ നിറവേറ്റുമെന്നും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഈ പുണ്യാത്മാവ്, കാലത്തിന്റെ ഇമാം സുജൂദ് ചെയ്തിരുന്ന സ്ഥലങ്ങളിൽ പോയി സുജൂദ് ചെയ്യുകയും ദുആ ചെയ്തിരുന്നിടങ്ങളിൽപോയി ദുആ ചെയ്യുകയും ചെയ്തിരുന്നു. അതുപോലെ പുതിയ തലമുറയും ആ സ്ഥലങ്ങളിൽ പോവുകയും ദുആയിൽ മുഴുകുകയും ചെയ്യുക. അങ്ങനെ അവരും അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിക്കുമെന്ന് ഞാൻ കരുതുകയാണ്. നന്മയിലും തഖ്‌വയിലും ചരിക്കുന്നവരും തന്റെ കടമകൾ നിറവേറ്റുന്നവരുമായവർ ഖാദിയാനിൽ കുറയുന്നു എന്നുള്ള തോന്നലിൽനിന്ന് എന്നെ നിങ്ങൾ സ്വതന്ത്രനാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നു എന്ന സന്തോഷകരമായ വാർത്ത കേൾക്കാൻ അല്ലാഹു ഇടവരുത്തുമാറാകട്ടെ. ആമീൻ.

ലോകത്തുള്ള മറ്റ് ജമാഅത്തുകൾക്കും ഖാദിയാനോട് കടമകളുണ്ട്. ഈ നാട്ടിൽ വസിക്കുന്നവർക്കു വേണ്ടി ഓരോ അഹ്മദിയും പ്രാർത്ഥിക്കുക. അല്ലാഹു എപ്പോഴും മസീഹിന്റെ നാടിനോട് കൂറു പുലർത്തുന്നവരെ സൃഷ്ടിക്കുമാറാകട്ടെ. ഹദ്റത്ത് മിയാ സാഹിബിന്റെ ബീഗം സാഹിബയ്ക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഈ വിഷമം സഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ബീഗം സാഹിബായും വലിയ അനുഗ്രഹീതവ്യക്തിയാണ്. ജമാഅത്തിലെ സ്ത്രീകളെ സംഘടിപ്പിക്കുന്നതിനും അവരെ ഓർഗനൈസ് ചെയ്യുന്നതിനും ഒരുപാട് പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും അത് ചെയ്തുവരുന്നു. അല്ലാഹു സമാധാനപരമായ ജീവിതം നല്കി അനുഗ്രഹിക്കുമാറാകട്ടെ. മിയാ സാഹിബിന്റെ മക്കൾക്കും തങ്ങളുടെ ആദരണീയനായ പിതാവിന്റെ കാല്പ്പാടുകളിലൂടെ ചരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആരുമിപ്പോൾ ഖാദിയാനിലില്ല. പെൺകുട്ടികൾ വിവാഹിതരായി പാക്കിസ്ഥാനിലേക്ക് പോയി. അവർക്ക് പാക്കിസ്ഥാൻ പൗരത്വമാണുള്ളത്. മകൻ അമേരിക്കയിലാണ്. പക്ഷേ, എവിടെയായിരുന്നാലും അവർ തങ്ങളുടെ മഹാനായ പിതാവിന്റെ കാല്പാടുകളിലൂടെ ചരിക്കുന്നവരായിത്തീരട്ടെ. അവർ തങ്ങളുടെ പിതാവ് ചെയ്ത ത്യാഗം വരിക്കാൻ ശ്രമിക്കേണ്ടതാണ്.

രണ്ടാം ഖുത്ബയിൽ പറഞ്ഞു:- ജാതിമതഭേദമന്യെ ഒരുപാടാളുകൾ അനുശോചനമറിയിക്കാൻ അവിടെ വരുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. ജമാഅത്തിന്റെ പ്രവർത്തകർ എനിക്കുവേണ്ടി അവരെല്ലാവരോടും നന്ദി പറയുക. അല്ലാഹു അവർക്കെല്ലാം നല്ല പ്രതിഫലം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 4.5.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala